പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 3169 22.06.2012 ൽ മറുപടിയ്ക്ക്

**ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി**

ചോദ്യം

ഡോ. ടി.എം. തോമസ് ഐസക്

ഉത്തരം

**ഡോ. എം.കെ. മുനീർ**

പഞ്ചായത്തും സാമൂഹ്യക്ഷേമവും

വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | സാമൂഹ്യക്ഷേമ വകുപ്പിലൂടെ നടപ്പിലാക്കുന്ന ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് വിലയിരുത്തിയിട്ടുണ്ടോ; | (എ) സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കി വരുന്ന വികലാംഗ പെൻഷൻ പദ്ധതി ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതിയായി മാറ്റിയിട്ടില്ലാത്തതിനാൽ ചോദ്യം പ്രസക്തമല്ല. |
| (ബി) | ഈ പദ്ധതി പ്രകാരം ഇപ്പോൾ എത്ര രൂപയാണ് അർഹതപ്പെട്ടവർക്ക് നൽകിവരുന്നത്; | (ബി) വികലാംഗ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പ്രതിമാസം 400/- രൂപ നിരക്കിൽ സംസ്ഥാന പെൻഷൻ നൽകിവരുന്നു. |
| (സി) | ഇപ്പോൾ നൽകിവരുന്ന തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (സി) 80 % -ൽ കൂടുതലോ ഒന്നിൽ കൂടുതലോ വൈകല്യമുള്ളവർക്ക് 700/- രൂപയായും മറ്റുള്ള വികലാംഗർക്ക് 525 രൂപയായും സംസ്ഥാന വികലാംഗ പെൻഷൻ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് . ഇതിനുള്ള തുടർ നടപടികൾ കൈക്കൊണ്ടു വരുന്നു. |
| (ഡി) | ഈ പദ്ധതിയിൻപ്രകാരമുള്ള പെൻഷൻ വിതരണത്തിൽ ഇപ്പോൾ കുടിശ്ശികയുണ്ടോ; എത്രനാളത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ? | (ഡി) 2012 ഏപ്രിൽ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തിയിട്ടുണ്ട് . |

R. Vijayan

സെക്ഷൻ ഓഫീസർ